MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 ഒക്ടോബർ 17

ഗവേഷണ ഫെലോഷിപ്പുകൾ

കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ വിശ്വേശ്വരയ്യ പി.എച്ച്.ഡി. സ്കീം ഫോർ ഇലക്ട്രോണിക്സ് ആൻഡ് ഐ റ്റി ഫേസ്-II പദ്ധതിക്ക് കീഴിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ, മുഴുവൻസമയ പി.എച്ച്.ഡി. ഗവേഷകൻ എന്നീ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ ഉൾകൊള്ളുന്ന നോട്ടിഫിക്കേഷൻ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446866088.

പി.ആർ.ഓ./941/2026

സ്പോർട്സ് സ്കോളർഷിപ്പ്

മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിലെ വിവിധ കോളേജുകളിലെയും പഠനവകുപ്പുകളിലെയും കായികപ്രതിഭകൾക്ക് സ്പോർട്സ് സ്കോളർഷിപ്പിന് അപേക്ഷിക്കാം. 2024-2025, 2025-2026 അധ്യയന വർഷങ്ങളിൽ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾക്കാണ് അവസരം. താല്പര്യമുള്ളവർ കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ അപേക്ഷയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നവംബർ 15-ന് മുൻപായി സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ : 0481 2733377

പി.ആർ.ഓ./942/2026

പ്രാക്ടിക്കൽ/വൈവ-വോസി

ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (2025 അഡ്മിഷൻ റെഗുലർ, 2020-2024 അഡ്മിഷൻ സപ്ലിമെന്ററി, 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്, 2018 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്, 2017 അഡ്മിഷൻ ഫൈനൽ മേഴ്സി ചാൻസ്) സെപ്റ്റംബർ 2026 പ്രാക്ടിക്കൽ/വൈവ-വോസി പരീക്ഷകൾ നവംബർ 10-ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ .

പി.ആർ.ഓ./943/2026

പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എസ്.സി. സ്പേസ് സയൻസ് പി.ജി.സി.എസ്.എസ്. (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ 2020- 2024 അഡ്മിഷൻസ് റീ-അപ്പീയറൻസ്, 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരകടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 27 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

പി.ആർ.ഓ./944/2026

പബ്ലിക് റിലേഷൻസ് ഓഫീസർ